**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6147** **17-03-2023 - ൽ മറുപടിയ്ക്ക്**

**കേരള റബ്ബർ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പ്രകൃതിദത്ത റബ്ബർ മേഖലയിൽ സിയാൽ മോഡലിനെ അടിസ്ഥാനമാക്കി ആരംഭിക്കാൻ തീരുമാനിച്ച കേരള റബ്ബർ ലിമിറ്റഡിന്റെ പ്രാരംഭ നടപടികൾ വിശദമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ വൈക്കം, കടുത്തുരുത്തി നിയോജക മണ്ഡലങ്ങളിൽപ്പെടുന്ന വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഉൾപ്പെടുത്തി കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>രണ്ട് ഘട്ടങ്ങളായി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായ കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ ഇന്റീരിയർ റോഡുകളുടെ നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെയും മറ്റ് സഹായ കെട്ടിടങ്ങളുടെയും നിർമ്മാണം, CETP, വെയർഹൗസ്, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം, R&D സെന്റർ, ടെസ്റ്റിംഗ് സെന്റർ, ബിസിനസ് ഇൻകുബേഷൻ സെന്റർ എന്നിവയുടെ നിർമ്മാണം, യൂട്ടിലിറ്റിയുടെയും മറ്റ് ഉപകരണങ്ങളുടെയും ഇൻസ്റ്റാലേഷൻ എന്നിവയുടെ ടെൻഡർ നടപടികൾ എന്നിവ നടന്നു വരുന്നു. |
| (ബി) | റബ്ബർ അധിഷ്ഠിത വ്യവസായത്തിനും അനുബന്ധ വ്യവസായങ്ങൾക്കുമായി ഒരു സംയോജിത വ്യവസായ സമുച്ചയം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വെളിവാക്കാമോ? | (ബി) | ഉണ്ട്.പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുക എന്ന ഉദ്ദേശത്തോടെ കേരള റബ്ബർ ലിമിറ്റഡ് (KRL) സ്ഥാപിക്കുന്നതിന് 02.02.2019-ന് കേരള സർക്കാർ അനുമതി നൽകി. സ്വാഭാവിക റബ്ബർ (NR) കേരളത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുവഴി റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ആഭ്യന്തര റബ്ബർ വിപണി ശക്തപ്പെടുത്തുകയും ചെയ്യുക എന്നതാണ് കെ.ആർ.എൽ-ന്റെ പ്രഥമലക്ഷ്യം.<br><br>നിക്ഷേപകരിൽ/വ്യവസായികളിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ച് റബ്ബർ അധിഷ്ഠിത |

| | | | |
|---|---|---|---|
| | | | വ്യവസായം തുടങ്ങുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി ഒന്നാം ഘട്ടത്തിൽ വികസിപ്പിക്കുന്ന ഏകദേശം 40 ഏക്കർ ഭൂമി 2023-മേയ്/ജൂൺ കൊണ്ട് വിതരണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഈ പ്രോജക്റ്റ് വഴി സ്വാഭാവിക റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും അതിലൂടെ കേരളത്തിലെ റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിന് സഹായകമാകുമെന്നും പ്രത്യക്ഷമായി 3000 പേർക്കും പരോക്ഷമായി 5000 പേർക്കും തൊഴിൽ ലഭ്യമാക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ